# 3

# തൊഴിൽ വൈവിധ്യങ്ങൾ



ദിവസേന വീട്ടിലെ പൂന്തോട്ടം കൃത്യതയോടെ നനയ്ക്കുന്നതിന് കീർത്തിയ്ക്ക് അച്ഛനും അമ്മയും മിഠായി സമ്മാനമായി നൽകുന്നു.



വീട്ടിലെ തുണികൾ കൃത്യതയോടെ മടക്കിവയ്ക്കുന്നതിന് തേജസിന്റെ അച്ഛനും അമ്മയും കഥാപുസ്തകം സമ്മാനമായി നൽകുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിച്ചുവല്ലോ?

പൂന്തോട്ടം നനച്ചതിന് കീർത്തിയ്ക്ക് ലഭിച്ചത് എന്താണ്?

- 

വീട്ടിലെ തുണികൾ മടക്കിവച്ചതിന് മാതാപിതാക്കൾ എങ്ങനെയാണ് തേജസിനെ അനുമോദിച്ചത്?

- 

> നിങ്ങളുടെ വീട്ടിലെ മുതിർന്നവർ ചെയ്യുന്ന ജോലിക്ക് പകരമായി എന്താണ് ലഭിക്കുന്നത് ?

## വരുമാനം

ചിത്രങ്ങൾ നിരീക്ഷിക്കൂ.















വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളുടെ ചിത്രങ്ങൾ നൽകിയിരിക്കുന്നത് നിരീക്ഷിച്ചല്ലോ? ഓരോരുത്തരും ഏതെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്?

- കച്ചവടം
- 
- 
- 
- 
- 

ഇവയിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രതിഫലമായി പണം ലഭിക്കുന്നത് ?

- അധ്യാപനം
- 
- 

ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് സമ്മാനം ലഭിക്കുന്നത്?

- 
- 
- 

നമ്മൾ ചെയ്യുന്ന ചില പ്രവർത്തനങ്ങൾക്ക് സമ്മാനവും ചിലതിന് പ്രതിഫലവും ലഭിക്കുന്നു. അധ്യാപനം, കച്ചവടം, ആതുരസേവനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വ്യക്തികൾക്ക് പ്രതിഫലമായി പണം ലഭിക്കുന്നു. വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെ ഭാഗമായി ഒരു വ്യക്തിക്ക് നിശ്ചിതകാലയളവിൽ ലഭിക്കുന്ന പണമാണ് വരുമാനം എന്ന് പറയുന്നത്. ഇങ്ങനെ പണം പ്രതിഫലമായി ലഭിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് അന്വേഷിച്ച് കണ്ടെത്തൂ.

## തൊഴിൽ

ഈ കവിത ശ്രദ്ധിക്കൂ.

### പഠിപ്പു തീർന്നാൽ

"ചോദ്യം:
പഠിപ്പു തീർന്നാൽ, പള്ളിക്കൂടം
വിട്ടുകഴിഞ്ഞെന്നാൽ,
പറയുക പറയുക, പിന്നീടെന്തൊരു,
പണിക്കു പോകും നീ?
* * * * * *
ഉത്തരം :
ഒന്നാമൻ :
കൃഷിക്കു പോകും, കൃഷിക്കു പോകും,
കൃഷിക്കു പോകും ഞാൻ,
കൃഷിക്കു, നമ്മുടെ പിതാക്കൾ ചെയ്തൊരു
തൊഴില്ക്കു, പോകും ഞാൻ.
* * * * * *
രണ്ടാമൻ :
പണം മുടക്കിക്കോടികണക്കിനു
കച്ചവടത്തിനായ്,
തുനിഞ്ഞിടും ഞാൻ ; തൊഴിലിതിൽ
നല്ലതു വേറൊന്നുണ്ടാമോ?
* * * * * *
മൂന്നാമൻ :
നാട്ടിലശിക്ഷിതരായലയുന്ന
ശിശുക്കളെയെല്ലാം ഞാൻ
കൂട്ടി, മികച്ചൊരു വിദ്യാനിലയന-
മാരംഭിച്ചീടും.
* * * * * *
നാലാമൻ :
പഠിപ്പു തീർന്നാൽ പട്ടാളത്തിൽ -
പ്പോയിച്ചേരും ഞാൻ ;
പടനായകനായ്ബ്ഭാരതരാജ്യം
പരിപാലിക്കും ഞാൻ."
* * * * * *

എൻ.വി.കൃഷ്ണവാരിയർ

വിദ്യാഭ്യാസ കാലഘട്ടത്തിനു ശേഷം നാം തിരഞ്ഞെടുക്കുന്ന വിവിധ തൊഴിലുകളെക്കുറിച്ചാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്. എന്തെല്ലാം തൊഴിലുകളെക്കുറിച്ചാണ് ഈ വരികളിൽ പറയുന്നത്?

- കൃഷി
-
-
-

ഭാവിയിൽ നിങ്ങൾ ചെയ്യണമെന്ന് ആഗ്രഹിക്കുന്ന തൊഴിൽ ഏതാണ്?

കായികമായ തൊഴിൽ മാത്രമാണോ മനുഷ്യർ ചെയ്യുന്നത്?

വരുമാനത്തിനായി ഒരു വ്യക്തി കായികമായോ ബൗദ്ധികമായോ ചെയ്യുന്ന പ്രവർത്തനമാണ് തൊഴിൽ. തൊഴിലിന് പ്രതിഫലം കൂലിയായോ ശമ്പളമായോ ലഭിക്കുന്നു. വ്യക്തികളുടെ പ്രധാന വരുമാനമാർഗമാണ് തൊഴിൽ.

### കൂലിയും ശമ്പളവും

കരാർ പ്രകാരം, സേവനങ്ങൾ നിർവഹിച്ചതിന് തൊഴിലുടമ തൊഴിലാളിക്ക് നൽകുന്ന പ്രതിഫലമാണ് കൂലി. മണിക്കൂറുകളുടെയോ ദിവസത്തിന്റെയോ അടിസ്ഥാനത്തിലാണ് കൂലി നിശ്ചയിക്കപ്പെട്ട് നൽകുന്നത്. എന്നാൽ, പ്രതിമാസ അടിസ്ഥാനത്തിൽ ജീവനക്കാർ നിർവഹിക്കുന്ന ജോലിക്ക് തൊഴിലുടമ നൽകുന്ന പ്രതിഫലമാണ് ശമ്പളം.

നിങ്ങളുടെ വീട്ടിൽ ആരൊക്കെയാണ് വരുമാനം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്?

നിങ്ങളുടെ കുടുംബാംഗങ്ങളുടെ തൊഴിലുകൾ പട്ടികപ്പെടുത്തുക.

| കുടുംബാംഗങ്ങൾ | തൊഴിൽ |
|---|---|
| • | |
| • | |
| • | |


## വരുമാന സ്രോതസ്സുകൾ

നമുക്കുചുറ്റുമുള്ള ആളുകൾ വരുമാനം നേടുന്നത് വിവിധതരം തൊഴിലുകളിലൂടെ ആണല്ലോ. കൃഷി, ബിസിനസ്സ്, ബാങ്ക് നിക്ഷേപങ്ങൾ, ആസ്തികൾ എന്നിവയിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ വരുമാനം ലഭിക്കുന്ന അധ്വാനമോ വസ്തുവകകളോ ആണ് വരുമാന സ്രോതസ്സുകൾ.

**ആസ്തികൾ**

വിവിധ രൂപത്തിലുള്ള ധനവിഭവങ്ങളാണ് ആസ്തികൾ എന്നറിയപ്പെടുന്നത്. കെട്ടിടങ്ങൾ, വസ്തുവകകൾ തുടങ്ങിയവ ആസ്തികൾക്ക് ഉദാഹരണങ്ങളാണ്.

വിവിധ വരുമാന സ്രോതസ്സുകൾ ചിത്രീകരിച്ചിരിക്കുന്ന ഡയഗ്രം പൂർത്തിയാക്കൂ.



വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വരുമാനം പട്ടികപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ.

| വരുമാന സ്രോതസ്സുകൾ | വരുമാനം |
|---|---|
| കൃഷി | വിള |
| തൊഴിൽ | കൂലി/ശമ്പളം |
| ബിസിനസ് | ലാഭം |
| ബാങ്ക് നിക്ഷേപം | പലിശ |
| ആസ്തികൾ | വാടക/പാട്ടം |
| ഓഹരി നിക്ഷേപങ്ങൾ | ലാഭവിഹിതം |

നിങ്ങളുടെ കുടുംബത്തിലെ വിവിധ വരുമാന സ്രോതസ്സുകളെക്കുറിച്ച് ക്ലാസിൽ ചർച്ച സംഘടിപ്പിക്കൂ.

## വ്യക്തിഗതവരുമാനവും കുടുംബവരുമാനവും

വരുമാന സ്രോതസ്സുകൾ വ്യത്യസ്തമായിരിക്കുന്നതുപോലെ അവയിൽ നിന്ന് ലഭിക്കുന്ന വരുമാനവും വ്യത്യസ്തമായിരിക്കും. ഒരു വ്യക്തിക്കുതന്നെ വിവിധസ്രോതസ്സുകളിൽ നിന്ന് വരുമാനം നേടാൻ കഴിയും. ഉദാഹരണത്തിന്, കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിക്ക് തന്റെ ബാങ്ക് നിക്ഷേപത്തിൽനിന്ന് ലഭ്യമാകുന്ന പലിശയും കൃഷി അനുബന്ധ ബിസിനസ്സിൽ നിന്നും കിട്ടുന്ന ലാഭവും ആ വ്യക്തിയുടെ വരുമാനമാണ്. ഇത്തരത്തിൽ തൊഴിലുകളിലൂടെയും തൊഴിലിതര മാർഗങ്ങളിലൂടെയും ഒരു വ്യക്തിക്ക് വരുമാനം ലഭിക്കുന്നു. ഒരു വ്യക്തിക്ക് വിവിധ വരുമാന സ്രോതസ്സുകളിൽ നിന്ന് ഒരു നിശ്ചിത കാലയളവിൽ ലഭിക്കുന്ന ആകെ വരുമാനമാണ് വ്യക്തിഗതവരുമാനമെന്ന് പറയുന്നത്. നിങ്ങളുടെ കുടുംബത്തിന്റെ വിവിധ വരുമാന സ്രോതസ്സുകളെക്കുറിച്ച് ചർച്ചചെയ്തല്ലോ? ഇത്തരത്തിൽ ഒരു കുടുംബത്തിലെ അംഗങ്ങൾക്കെല്ലാംകൂടി ഒരു നിശ്ചിതകാലയളവിൽ ലഭിക്കുന്ന ആകെ വരുമാനമാണ് കുടുംബവരുമാനം.

നിങ്ങളുടെ ചുറ്റുപാടും നിരീക്ഷിച്ച് വ്യത്യസ്തമായ വരുമാന സ്രോതസ്സുകളും അവയിൽ നിന്നുള്ള വരുമാനവും പട്ടികപ്പെടുത്തൂ.


## തൊഴിലുകൾ വിവിധതരം

ചിത്രങ്ങൾ നിരീക്ഷിക്കൂ.





ST-341-4-SOC. SCI. (M)-5-VOL-1





മുകളിൽ നൽകിയിട്ടുള്ള ചിത്രങ്ങൾ ശ്രദ്ധിക്കൂ.

ഏതെല്ലാം തൊഴിലുകളാണ് ചിത്രത്തിൽ കാണുന്നത്?

- അധ്യാപനം
-
-
-
-
-

## കാർഷിക തൊഴിലുകൾ

പ്രകൃതിവിഭവങ്ങൾ ഉപയോഗപ്പെടുത്തി ഭക്ഷ്യവസ്തുക്കളുടെയും നാരുകളുടെയും ഉൽപാദനത്തിനായി സസ്യങ്ങൾ വളർത്തുന്നത്, കന്നുകാലി വളർത്തൽ, മത്സ്യകൃഷി തുടങ്ങിയവ കാർഷിക തൊഴിലുകളാണ്. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ കൃഷി ഒരു പ്രധാന പങ്കുവഹിക്കുന്നു.

ഇന്ത്യയിലെ മൊത്തം തൊഴിലാളികളിൽ 46.5 ശതമാനം പേർ കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. (ഇക്കണോമിക് റിവ്യൂ : 2022 - 23)

## കാർഷികേതര തൊഴിലുകൾ

കാർഷിക തൊഴിലുകളിൽ ഉൾപ്പെടാത്ത എല്ലാവിധ തൊഴിലുകളെയും കാർഷികേതര തൊഴിലായി പരിഗണിക്കാം. വ്യാവസായികാടിസ്ഥാനത്തിൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന തൊഴിലുകളും വിവിധതരം സേവനങ്ങളും കാർഷികേതര തൊഴിലുകളാണ്. വസ്ത്രനിർമ്മാണം, കെട്ടിടനിർമ്മാണം, ബിസിനസ്, ബാങ്കിങ്, അധ്യാപനം, ഗതാഗതം, ഫാക്ടറി തൊഴിലുകൾ തുടങ്ങിയവ കാർഷികേതര തൊഴിലുകൾക്ക് ഉദാഹരണങ്ങളാണ്.



നിങ്ങളുടെ വിദ്യാലയത്തിൽ കാർഷിക ക്ലബിന്റെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? കുറിപ്പ് തയ്യാറാക്കുക.

നിങ്ങളുടെ ചുറ്റുപാടുകളിൽ കാണുന്ന തൊഴിലുകളെ കാർഷിക തൊഴിലുകളെന്നും കാർഷികേതര തൊഴിലുകളെന്നും തരംതിരിച്ച് താഴെക്കൊടുത്തിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| കാർഷിക തൊഴിലുകൾ | കാർഷികേതര തൊഴിലുകൾ |
|---|---|
| • നെൽ കൃഷി | • കച്ചവടം |
| • മത്സ്യകൃഷി | • കെട്ടിടനിർമ്മാണം |
| • | • |
| • | • |
| • | • |

## സ്വയം തൊഴിൽ

സിബിയുടെ മാതാപിതാക്കൾ 'സ്റ്റാർ പിക്കിൾസ്' എന്ന പേരിൽ അച്ചാർ യൂണിറ്റ് നടത്തിവരുകയാണ്. സ്വന്തമായി തൊഴിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ സർക്കാരിന്റെ സഹായത്തോടുകൂടി തുടങ്ങിയ ഈ തൊഴിൽ സംരംഭം ലാഭകരമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. സിബിയുടെ കുടുംബത്തിന്റെ വരുമാനമാർഗം എന്നതിനൊപ്പം പത്തോളം കുടുംബങ്ങൾക്ക് ഈ സംരംഭത്തിലൂടെ തൊഴിൽ ലഭിക്കുന്നു.

കുറിപ്പ് വായിച്ചുവല്ലോ. ഇത്തരത്തിലുള്ള തൊഴിൽ സംരംഭങ്ങൾ വ്യക്തികൾ ഒറ്റയ്ക്കും കൂട്ടായും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഏതെങ്കിലും തൊഴിലുടമയുടെ നിയന്ത്രണത്തിലല്ലാതെ സ്വതന്ത്ര സാമ്പത്തിക പ്രവർത്തനത്തിലൂടെ ഉപജീവനം നടത്തുന്നതിനെയാണ് സ്വയം തൊഴിൽ എന്ന് പറയുന്നത്. സ്വയം തൊഴിലിൽ ഏർപ്പെടുന്ന വ്യക്തി തന്റെ സംരംഭത്തിന്റെ ഉടമസ്ഥതയും അതേ അവസരത്തിൽ ഒരു തൊഴിലാളിയുടെ എല്ലാ ഉത്തരവാദിത്വവും നിർവഹിക്കുന്നു. സ്വയം തൊഴിലിൽ വ്യക്തികൾ കൂടുതലും ഒറ്റയ്ക്കാണ് അവരുടെ സംരംഭം കൈകാര്യം ചെയ്യുന്നത്. അതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ പൂർണ്ണ അവകാശി സ്വയംതൊഴിൽ സംരംഭകർ മാത്രമായിരിക്കും. നിങ്ങളുടെ പ്രദേശത്ത് വ്യക്തികൾ ഒറ്റയ്ക്കോ കൂട്ടായോ നടത്തുന്ന പലചരക്ക് കടകൾ, തുന്നൽ കടകൾ, പലഹാരക്കടകൾ തുടങ്ങിയവ കാണാറില്ലേ? ഇതൊക്കെ സ്വയം തൊഴിൽ സംരംഭത്തിന് ഉദാഹരണങ്ങളാണ്. മറ്റ് ചില ഉദാഹരണങ്ങൾ കൂടെ കണ്ടെത്തൂ.

ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് അവ ഏത് തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് എഴുതിച്ചേർക്കൂ.



എ)..........................................



ബി)..........................................



സി)..........................................



ഡി)..........................................

സ്വയം തൊഴിൽ സംരംഭത്തിന്റെ സവിശേഷതകൾ എഴുതിച്ചേർക്കൂ.

- മറ്റൊരാളെ ആശ്രയിക്കാതെ സ്വന്തമായുള്ള തൊഴിൽ സംരംഭത്തിലൂടെ വരുമാനം കണ്ടെത്തുന്നു.
- 
- 

രാജ്യത്തിന്റെ സാമ്പത്തികവളർച്ചയിൽ സ്വയം തൊഴിൽസംരംഭങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതിനായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| സ്വയം തൊഴിൽ പദ്ധതികൾ | ഗുണഭോക്താക്കൾ |
|---|---|
| • നവജീവൻ പദ്ധതി | • മുതിർന്ന പൗരർ |
| • കൈവല്യ | • ഭിന്നശേഷിക്കാർ |
| • ശരണ്യ | • വനിതകൾ |
| • | • |

സ്വയം തൊഴിൽ സംരംഭത്തിലൂടെ വിജയം നേടിയ ചിലരുടെ അനുഭവങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്.

**ചായ്പ്പിൽ തുടങ്ങിയ പലഹാര നിർമ്മാണം**

മലപ്പുറം ജില്ലയിലെ കർഷക കുടുംബത്തിൽ ജനിച്ച അനു സ്വന്തം വീട്ടിൽ നിന്നാണ് സ്വയം തൊഴിൽ സംരംഭം ആരംഭിച്ചത്. വീട്ടിലെ ചായ്പ്പിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി സാധാരണ പലഹാര ഇനങ്ങൾ ഉണ്ടാക്കി വിൽക്കുകയായിരുന്നു. ക്രമേണ ആവശ്യക്കാർ കൂടിവന്നു. ഇന്ന് അറുപതോളം ഇനം പലഹാരങ്ങൾ നിർമ്മിച്ചു വിൽക്കുന്നു. വർഷത്തിൽ 11 കോടിയോളം രൂപയുടെ കച്ചവടമാണ് നടക്കുന്നത്.

**പ്രതിമാസം 50000 രൂപ സമ്പാദിക്കുന്ന വീട്ടമ്മ**

പെയിന്റിങ് ഹോബിയെ ബിസിനസ് തലത്തിലേക്കു കൊണ്ടുവന്ന് വിജയം കൊയ്ത സംരംഭകയാണ് സജിത. ഫാബ്രിക് പെയിന്റിങ്ങാണ് ബിസിനസ്. സാരികൾ, ഷർട്ടുകൾ, ചുരിദാറുകൾ, കുട്ടികളുടെ വസ്ത്രങ്ങൾ എന്നിവയിൽ മനോഹരമായി പെയിന്റിങ് ചെയ്യുന്നു. ഫാബ്രിക് പെയിന്റിങ്ങിനെ ഒരു ഹോബിയെന്ന നിലയിൽ നിന്ന് ബിസിനസ് ആക്കി വികസിപ്പിച്ച് വിജയിച്ചു. ഇപ്പോൾ പ്രതിമാസം 50,000 രൂപ സമ്പാദിക്കുന്നു.

മുകളിൽ കൊടുത്തിട്ടുള്ള മാതൃകകൾ ശ്രദ്ധിച്ചല്ലോ.

അധ്വാനിക്കാനുള്ള മനസ്സും ആത്മവിശ്വാസവും ഉണ്ടെങ്കിൽ വിവിധ തൊഴിലുകൾ ചെയ്ത് ജീവിതവിജയം കൈവരിക്കാം. എല്ലാ തൊഴിലിനും അതിന്റേതായ മഹത്വമുണ്ട്. വിദ്യാഭ്യാസത്തിനും അഭിരുചിക്കും അനുസരിച്ച് ഇഷ്ടമുള്ള തൊഴിൽ തിരഞ്ഞെടുക്കാൻ ഓരോരുത്തർക്കും അവകാശമുണ്ട്. ഒരു രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതി നിർണ്ണയിക്കുന്നതിൽ തൊഴിലുകൾ പ്രധാന പങ്കുവഹിക്കുന്നു.

## തുടർപ്രവർത്തനങ്ങൾ

1. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നിങ്ങളുടെ സമീപത്തുള്ള കർഷകരുമായി അഭിമുഖം നടത്തി കാർഷികത്തൊഴിലുകളുടെ വൈവിധ്യത്തെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.
2. നിങ്ങളുടെ പ്രദേശത്ത് കാണുന്ന വിവിധ തരം തൊഴിലുകളെക്കുറിച്ച് ടീച്ചറുടെ സഹായത്തോടെ വീഡിയോ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കൂ.
3. നിങ്ങളുടെ പ്രദേശത്തുള്ള തൊഴിൽ സംരംഭകരുമായി അഭിമുഖം നടത്തുക. അഭിമുഖത്തിനുള്ള ചോദ്യാവലി ടീച്ചറുടെ സഹായത്തോടെ തയ്യാറാക്കുമല്ലോ?
4. നിങ്ങളുടെ സമീപത്തുള്ള സ്വയം തൊഴിൽ സംരംഭം സന്ദർശിച്ച് പ്രവർത്തനങ്ങൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക.
5. കേരളീയ സമൂഹത്തിൽ തൊഴിൽ രംഗത്ത് വന്ന മാറ്റങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് സെമിനാർ അവതരിപ്പിക്കുക.
6. സ്വയം തൊഴിൽസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ പദ്ധതികളെക്കുറിച്ച് പ്രോജക്റ്റ് തയ്യാറാക്കി സാമൂഹ്യശാസ്ത്ര ക്ലബ്ബിൽ അവതരിപ്പിക്കുക.